# വഴി



**മണ്ണിനെ**
മാറോടണച്ച
വിണ്ണിന്റെയകം-
പൊരുളുകളിലേ-
ക്കൊരക്ഷര വിളി.
സൃഷ്ടിപ്പിന്റെ-
യാദ്യാക്ഷരസത്തിൽ
നിന്നും
തുടങ്ങട്ടെ-
മർത്യജന്മത്തിൻ
സുകൃത വായന!
ഇരുളജ്ഞതകളുടെ
കട്ടിത്തോടുകൾ-
ക്കുള്ളിൽ വീണ്ടും
ഉണ്മയുടെ-
ജ്വലനാക്ഷരത്വര-
കളിൽ
മുത്തമിട്ടുണരട്ടെ-
ജീവിതസമസ്യകൾതൻ
വേദസാരപൂർണം!
മാറിനിൽക്കട്ടെ-
'അർശി'ന്റെ
തണൽ താഴ്ചകൾക്കു
തല കുനിക്കാനറക്കു-
മാസുരാന്ധ്യതകൾത-
ന്നഹങ്കാരപഴമകൾ!
ഹേ, മാലോക ഗുരു,
നീയാണു വഴി-
ആദ്യാന്ത യുഗത്തെളി-
ച്ചങ്ങൾ,
സാത്മ്യം-
കോർത്തിണക്കി ക്ഷണിക്കുമാ-
നൈതികപ്പൊരുളിൽ
നിയത വഴി...!

**മുഹമ്മദ് കുട്ടി ഇരിമ്പിളിയം**